**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ലാ പഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.കെ.പി.ജയന്റെ ചികിൽസാ ചെലവ് - മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം അനുവദിച്ചത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം.2383/2013/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 25/09/2013**

---

പരാമർശം:- 1) ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന്റെ 09/11/2011 ലെ 9-ാം നമ്പർ തീരുമാനം.
2) സഉ(സാധാ) നമ്പർ 1710/2013/തസ്വഭവ തീയതി 28/06/2013.
3) കാമാക്ഷി ഗ്രാമ പഞ്ചായത്തിന്റെ 12/07/2013 ലെ 10-ാം നമ്പർ തീരുമാനം.

## <u>ഉത്തരവ്</u>

ഇടുക്കി ജില്ലാ പഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ടായി ജോലി നോക്കിവരുന്ന ശ്രീ.കെ.പി.ജയന് അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ എന്ന ആശുപത്രിയിൽ വച്ച് ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ചെലവു വന്ന അനുവദനീയമായ തുകയുടെ 80% തുകയായ 1,82,061/- (ഒരു ലക്ഷത്തി എൺപത്തി രണ്ടായിരത്തി അറുപത്തി ഒന്ന് രൂപ മാത്രം) അദ്ദേഹം പ്രവൃത്തി എടുത്തിരുന്ന കാമാക്ഷി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കണമെന്ന വ്യവസ്ഥയിൽ സൂചന 2 പ്രകാരം മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം അനുവദിക്കുകയുണ്ടായി.

എന്നാൽ കാമാക്ഷി ഗ്രാമ പഞ്ചായത്തിന്റെ ധനസ്ഥിതി മോശമാകയാൽ ശ്രീ.കെ.പി.ജയന് തങ്ങളുടെ തനത് ഫണ്ടിൽ നിന്നും ടി ആനുകൂല്യം അനുവദിക്കുവാൻ കഴിയുകയില്ലെന്നും അദ്ദേഹം രോഗബാധിതനായ കാലത്ത് പ്രവൃത്തി എടുത്തിരുന്ന ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനായി സർക്കാരിനോടഭ്യർത്ഥിക്കുവാൻ സൂചന 3 പ്രകാരം കാമാക്ഷി ഗ്രാമ പഞ്ചായത്ത് തീരുമാനിക്കുകയുണ്ടായി. ശ്രീ.കെ. പി. ജയന് തങ്ങളുടെ തനത് ഫണ്ടിൽ നിന്നും മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം അനുവദിക്കാമെന്ന് സൂചന 1 പ്രകാരം ഇടുക്കി - കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ.കെ.പി.ജയന് ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ചികിൽസ നടത്തിയ ഇനത്തിൽ കൊച്ചിയിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ എന്ന ആശുപത്രിയിൽ ചെലവുവന്ന അനുവദനീയമായ തുകയുടെ 80% തുകയായ 1,82,061/- (രൂപ ഒരു ലക്ഷത്തി എൺപത്തി രണ്ടായിരത്തി അറുപത്തി ഒന്ന് മാത്രം ) ഇടുക്കി - കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് സൂചന 2 ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സെൽവരാജൻ.എൽ**

**ഗവ.അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (LBA&A) തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
സെക്രട്ടറി, കാമാക്ഷി ഗ്രാമ പഞ്ചായത്ത്, ഇടുക്കി.
സെക്രട്ടറി, ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്, ഇടുക്കി.
ശ്രീ.കെ.പി.ജയൻ, ജൂനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത് ഇടുക്കി.
(ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി മുഖേന)
ധനകാര്യവകുപ്പ് (23/05/2013 ലെ 36466/WW3/2013/ഫിൻ പ്രകാരം)
ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ് (06/09/2012 ലെ 48988/ജി.2/11/എച്ച്& എഫ്.ഡബ്ലിയു.ഡി. പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ